# കേരള കൃഷി വകുപ്പ്
## ദർഘാസ് പരസ്യം

കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്
പത്തനംതിട്ട, പന്തളം പി.ഒ

നമ്പർ എഇ(2)253/2011 തീയതി: 2/11/2011

കേരള ഗവർണ്ണർക്ക് വേണ്ടി പന്തളം ഷുഗർകെയിൻ സീഡ് ഫാമിൽ പ്രവർത്തിക്കുന്ന പത്തനംതിട്ട കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെപ്പറയുന്ന പ്രവർത്തിക്ക് അംഗീകൃത കരാറുകാരിൽ നിന്നും മത്സരസ്വഭാവമുള്ള ദർഘാസുകൾ മുദ്രവച്ച കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു. കവറിന്റെ പുറത്ത് പ്രവർത്തിയുടെ പേര് എഴുതിയിരിക്കേണ്ടതാണ്. ദർഘാസുകൾ 2011 ഡിസംബർ മാസം 8 ാം തീയതി പകൽ 1 മണി വരെ ഈ ആഫീസിൽ സ്വീകരിക്കുന്നതും അന്നേദിവസം 3.00 ന് ഹാജരുള്ള കരാറുകാരുടെയോ അവർ രേഖാമൂലം അധികാരപ്പെടുത്തുന്ന ഏജന്റുമാരുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതും ആണ്. പ്രസ്തുത ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസം ആയിരുന്നാൽ അടുത്ത പ്രവർത്തിദിവസം മുകളിൽ പറഞ്ഞ വ്യവസ്ഥയിലും സമയത്തും തുറക്കുന്നതാണ്. പ്രവർത്തിയെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ പ്രവർത്തിയുടെ പേരും ടെൻഡർ തുകയും | നിരതദ്രവ്യം | ടെൻഡർ ഫോറത്തിന്റെ വില | പണിതീർക്കേണ്ട കാലാവധി |
|---|---|---|---|
| 1. പന്തളം കരിമ്പ് വിത്തുല്പാദന കേന്ദ്രത്തിലെ വളം സ്റ്റോറിന്റെ മേൽക്കൂര സംരക്ഷണവും റിപ്പയറും അടങ്കൽ (2,80,000/-) | ₹ 7000/- | ₹ 600/- + ST | 4 മാസം |
| 2. പന്തളം കരിമ്പ് വിത്തുല്പാദന കേന്ദ്രത്തിൽ ഫാം ഉത്പന്നങ്ങൾക്ക് സ്റ്റോർ നിർമ്മാണം അടങ്കൽ (3,70,000/-) | ₹ 9250/- | ₹ 800/- + ST | 4 മാസം |
| 3. പന്തളം കരിമ്പ് വിത്തുല്പാദന കേന്ദ്രത്തിൽ കാന്റീൻ സൗകര്യമേർപ്പെടുത്തൽ അടങ്കൽ (4,60,000/-) | ₹ 11500/- | ₹1000/- + ST | 4 മാസം |

ദർഘാസ് പ്രമാണം പത്തനംതിട്ട ജില്ലയിൽ പന്തളത്ത് കടയ്ക്കാടുള്ള കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ദർഘാസ് ദിവസം പകൽ 12.30 മണി വരെ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ സമർപ്പിക്കേണ്ടതും നിശ്ചിത വിൽപന നികുതിയടക്കം ഈ ആഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ദർഘാസ് പത്രികയുടെ വില യാതൊരുകാരണവശാലും മടക്കിക്കൊടുക്കുന്നതല്ല. ദർഘാസ് പത്രിക അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും ആയത് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ(കൃഷി) എന്ന പേരിൽ അടച്ച നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. നിശ്ചിത നിരതദ്രവ്യം ഇല്ലാത്തതും താമസിച്ച് ലഭിക്കുന്നതുമായ ദർഘാസുകൾ നിരസിക്കുന്നതാണ് . ദർഘാസിനോടൊപ്പം പ്രാഥമിക കരാർ 100 രൂപ മുദ്രപത്രത്തിൽ നിശ്ചിതഫോറത്തിൽ പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്. പൊതുമരാമത്ത് വകുപ്പിൽ ദർഘാസുകളെ സംബന്ധിക്കുന്ന എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്.

കൃഷി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ,
കാര്യാലയം, പന്തളം പി.ഒ

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ(കൃഷി)
പന്തളം പി.ഒ, പത്തനംതിട്ട,